JANMABHOOMI - 28-11-2025

# മത്സ്യമേഖല സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ; ധാരണാപത്രം കൈമാറി

**കൊച്ചി:** രാജ്യത്തെ മത്സ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്കും സാങ്കേതിക നവീകരണങ്ങൾക്കും സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്ന ലക്ഷ്യത്തോടെ ഐസിഎആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ഐസിഎആർസിഐഎഫ്ടി), കൊച്ചി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ)യുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഇന്നലെ ധാരണാപത്രം കൈമാറി.

ഇരുസ്ഥാപനങ്ങളുടെയും ഉന്നതാധികാരികളുടെ സാന്നിധ്യത്തിലാണ് കരാർ ഒപ്പുവെച്ചത്. ഐസിഎആർസിഐഎഫ് ടിയുടെ ഇസഡ് ടിഎം-എബിഐ സെന്റർ ദേശീയ തലത്തിലുള്ള ഏകോപന കേന്ദ്രമായി പ്രവർത്തിച്ച് യോഗ്യരായ സംരംഭകരെ കണ്ടെത്തി അവർക്ക് വേണ്ട



മത്സ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്കും സാങ്കേതിക നവീകരണങ്ങൾക്കും സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്ന തിന്റെ ധാരണാപത്രം ഐസിഎആർസിഐഎഫ്ടിയും തമ്മിൽ എസ്ബിഐയും കൈമാറുന്നു

സാങ്കേതിക പിന്തുണയും പരിശീലനവും നൽകും.

കരാറിന്റെ ഭാഗമായി, ഇസഡ് ടിഎം-എബിഐ യിൽ രജിസ്റ്റർ ചെയ്ത സംരംഭകർക്ക് എസ്ബിഐ മുൻഗണനാ അടിസ്ഥാനത്തിൽ വർക്ക് കാപിറ്റൽ, ടെം ലോൺ, സ്റ്റാർട്ടപ്പ് ഫിനാൻസിംഗ് എന്നിവ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായങ്ങൾ പദ്ധതിയുടെ യോഗ്യതയും ബാങ്കിന്റെ മാനദണ്ഡങ്ങളും പരിഗണിച്ച് അനുവദിക്കുന്നതാണ്. മത്സ്യ മേഖലയിലെ നവീകരണവും സ്റ്റാർട്ടപ്പുകളുടെ വളർച്ചയും ഈ സഹകരണത്തിലൂടെ കൂടുതൽ വേഗത്തിലാകുമെന്ന് അധികൃതർ അഭിപ്രായപ്പെട്ടു.